നദീതീര സംരക്ഷണ നിയമവും അനധികൃത മണൽ ഖനനവും

11 (*551) ശ്രീമതി കെ. കെ. ലതിക :

ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാപകമായി അനധികൃത മണൽഖനനം നടക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മണൽകടത്ത് തടയാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) നദീതീര സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ എന്നുമുതൽക്കാണെന്ന് അറിയിക്കാമോ ;

(സി) നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള തീരസംരക്ഷണ സേനയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) മണൽ കടത്തിനെതിരെ നിൽക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കും പൊതുപ്രവർത്തകർക്കുമെതിരെ മണൽ മാഫിയ വ്യാപകമായ അക്രമം അഴിച്ചുവിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) അനധികൃത മണൽ കടത്തിന് മണൽ മാഫിയയ്ക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥരുടെ പ്രവർത്തനം നിരീക്ഷിക്കുന്നുണ്ടോ ; കുറ്റക്കാർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) വ്യാപകമായി അനധികൃത മണൽഖനനം നടക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, അനധികൃത മണൽഖനനവും കടത്തും തടയുന്നതിനായി താലൂക്ക്, ഡിവിഷൻ, ജില്ലാതലങ്ങളിൽ റവന്യൂ, പോലീസ് വകുപ്പുകൾ സംയുക്തമായി സ്ക്വാഡ് രൂപീകരിച്ച് ശക്തമായ പ്രവർത്തനം നടത്തുന്നുണ്ട്.

(ബി) നദീതീര സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത നിയമം 15-4-2002-ൽ പ്രാബല്യത്തിൽ വന്നു.

LIBRARY ARCHIVES Kerala Legislative Assembly